## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2410     09-12-2014-ൽ ഇടക്കാല മറുപടി നൽകിയിരുന്നത്

### "ത്രീ സ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം"

**ചോദ്യം:**     **ഉത്തരം:**

ശ്രീ. ഇ.പി.ജയരാജൻ :     ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ത്രീ സ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യ വ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ സംസ്ഥാനത്തിന് വില്പന നികുതി ഇനത്തിലും എക്സൈസ് നികുതി ഇനത്തിലും പ്രതിവർഷം എത്ര മാത്രം വരുമാനക്കുറവുണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 5 സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടെ വരുമാനക്കുറവ് എക്സൈസ് വകുപ്പിനുണ്ടാകും. കൂടാതെ ടി ബാർ ലൈസൻസുകളിൽ നിന്നും പിഴ ഇനത്തിൽ ലഭിച്ചിരിക്കുന്ന വരുമാനവും ബാറുകളിലെ മദ്യവില്പനയിലൂടെയും മദ്യത്തിൽ നിന്നുള്ള എക്സൈസ് ഡ്യൂട്ടിയിനത്തിൽലഭ്യമാകുന്ന വരുമാനവും നഷ്ടമാകും. വില്പന നികുതിയിനത്തിലെ കുറവ് കണക്കാക്കിയിട്ടില്ല. |
| (ബി) | വരുമാനത്തിലുണ്ടാകുന്ന ഈ കുറവ് പരിഹരിക്കുന്നതിന് ധനവകുപ്പ് കണ്ടെത്തിയിട്ടുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | (ബി) & (സി) | Kerala Taxation Laws (Amendment) Ordinance-ൽ(നമ്പർ.24/2014) 4 നികുതി നിർദ്ദേശങ്ങളാണുള്ളത്.<br>കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ ആന്റ് വൈൻ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽ നിന്നും 135 ശതമാനമായും ബിയർ ആന്റ് വൈനിന്റെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും |
| (സി) | ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ നികുതി നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത നികുതി നിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്ന അധിക | | |

| | | | |
|---|---|---|---|
| | വിഭവ സമാഹരണം എത്രയാണെന്നും വ്യക്തമാക്കുമോ? | | 70 ശതമാനമായും ഉയർത്തുകയുണ്ടായി. കൂടാതെ സിഗരറ്റിൻെറ നികുതി നിരക്ക് 22 ശതമാനത്തിൽ നിന്നും 30 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ബാർതൊഴിലാളികളുടെ പുനരധിവാസത്തിനായി വിദേശ മദ്യം, ബിയർ ആന്റ് വൈൻ എന്നിവയുടെ ആദ്യ വില്പന പോയിന്റിൽ 5 ശതമാനം റിഹാബിലിറ്റേഷൻ സെസ്സും ഏർപ്പെടുത്തുകയുണ്ടായി. ഇതിലൂടെ വിദേശമദ്യത്തിൽ നിന്നും പ്രതിമാസം 75 കോടി രൂപയുടെയും, ബിയർ ആന്റ് വൈനിൽ നിന്നും പ്രതിമാസം 7.5 കോടി രൂപയുടെയും, സിഗരറ്റിൽ നിന്നും പ്രതിമാസം 20 കോടി രൂപയുടെയും അധിക വരുമാനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. റിഹാബിലിറ്റേഷൻ സെസ്സ് ഇനത്തിൽ പ്രതിമാസം 30.83 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.<br><br>മേൽ സൂചിപ്പിച്ചിരിക്കുന്നവ കൂടാതെ എസ്.ആർ.ഒ. 530/2014 പ്രകാരം ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കപ്പെടുന്ന വിദേശ മദ്യത്തിൻെറ concessional tax rate 65 ശതമാനത്തിൽ നിന്നും 70 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 40 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ